മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—വില്ലേജുദ്യോഗസ്ഥന്മാർക്കു പ്രമോഷൻ കൊടുക്കുന്നതു താലൂക്കിലേക്കല്ലാതെ വേറെ വല്ല വഴിയുമുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ.— രമ്പളക്കയറ്റത്തിനു് ഇപ്പോൾ വേറെ വഴിയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—പരിചയം ആവശ്യമുണ്ടെന്നു പറയുന്ന സ്ഥിതിക്കു് ഈ ഡിപ്പാർട്ട്മെൻറിലേക്കു മാത്രം ഇങ്ങിനെ ഒരു നിയമം നടപ്പാക്കുവാൻ കാരണമെന്തു്?

മിസ്റ്റർ കെ. അച്യുതമേനോൻ.—അവരെ പിടിച്ചു് താലൂക്കിലേക്കു വച്ചാൽ അതു വില്ലേജിനു് ദോഷമാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—പ്രത്യേകം വല്ല കാരണവുമുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ.—കുറച്ചുകാലം വില്ലേജിലിരുന്നു പഴക്കം വന്നിട്ടുള്ള ആളുകളെ പെട്ടെന്നു് അവിടെനിന്നും മാറ്റിയാൽ ആ ഡിപ്പാർട്ട്മെൻറിനു് അതുകൊണ്ടു പ്രതിബന്ധം വരും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇതുപോലെ ബാക്കിയുള്ള ഡിപ്പാർട്ട്മെൻറുകളിൽ ഉണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ.—എന്റെ ഡിപ്പാർട്ട്മെൻറിൽ വില്ലേജാപ്പീസിൽനിന്നും പഴക്കംവന്ന ആളുകളെ താലൂക്കിലേക്കു് അയക്കാറില്ല. അയച്ചാൽ അതു വില്ലേജിനു ദോഷമാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ജഡ്ജി ഉദ്യോഗത്തിലുള്ള ഒരാളെ എക്സൈസു് ഡിപ്പാർട്ടുമെൻറിലേക്കു മാറ്റിയാൽ ദോഷമില്ലേ?

മിസ്റ്റർ കെ. അച്യുതമേനോൻ.—ആ ഡിപ്പാർട്ട്മെൻറിന്റെ അഭിപ്രായം അറിയാതെ ഞാനൊന്നും പറയുന്നില്ല. അതുകൊണ്ടു നോട്ടീസുവേണം. വേണ്ടപ്പോൾ ഡിപ്പാർട്ടുമെൻറിനെപ്പറ്റി പറയുകയാണെങ്കിൽ വില്ലേജുദ്യോഗസ്ഥന്മാരെ എപ്പോഴും താലൂക്കിലേക്കു മാറ്റിയാൽ ശരിയായിരിക്കയില്ല.

Expenditure on College Extension works.

328. **Mr. E. Ikkanda Warriar.**—Will the Government be pleased to state:—

(1) the amount spent on the Maharaja's College extension scheme at Ernakulam so far;

(2) the amount spent on the Ramavarmapuram College scheme until the Public offices were shifted to Ramavarmapuram;

(3) the amount that would be necessary to complete the Maharaja's College extension scheme at Ernakulam;

Mr. V. K. Aravindaksha Menon.—(1) Rs. 6,56,113-8-5 till the end of 1109.

(2) Rs. 2,72,315—8—5.

(3) About Rs. 7 lakhs more.

LIBRARY ARCHIVES Kerala Legislative Assembly